# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1237

30.01.2018-ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകപ്പിൽ ആധുനിക സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകപ്പിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് നടപ്പാക്കിയത്; വിശദമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ-പേയ്മെന്റ് സംവിധാനം, ഇ-സ്റ്റാമ്പിംഗ് പദ്ധതി, പൊതുജനങ്ങൾക്ക് ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സംവിധാനം തുടങ്ങിയ സംവിധാനങ്ങളാണ് നടപ്പാക്കിയത്. |
| ബി) ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിയതുമൂലം ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ; | ബി) | ഉണ്ട്.<br>ഇന്റർനെറ്റ് സംവിധാനത്തിലെ തകരാറുകൾ, ബ്ലോക്ക് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ്-വർക്ക് ഉപകരണങ്ങൾക്ക് ആവശ്യമായ യു.പി.എസ്. ലഭ്യമല്ലാത്തത്, സോഫ്റ്റ് വെയർ സംവിധാനത്തിലെ അപാകതകൾ, കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും ഉണ്ടാകുന്ന അറ്റകുറ്റപണികൾ, സംസ്ഥാന ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള രജിസ്ട്രേഷൻ വകപ്പിന്റെ സെർവറുകളുടെ ശേഷികുറവ് ഇവയാണ് ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിയതുമൂലം ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ. |
| സി) ഇ-സ്റ്റാമ്പിംഗ് സംമ്പ്രദായത്തിലെ പോരായ്മകൾ മൂലം നിരവധി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുതിന്റെ തുക സർക്കാരിന് ലഭിക്കാതെ പോയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>ഡി) ഏങ്കിൽ ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | സി) യും ഡി) യും | ഇ-സ്റ്റാമ്പിംഗ് സമ്പ്രദായത്തിലെ പോരായ്മകൾ മൂലം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുതിന്റെ തുക സർക്കാരിന് ലഭിക്കാതെ പോയതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**